സർക്കുലർ നമ്പർ SKJMCC/10/2019-20

# സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ

**സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം ജില്ല -673 636. ഫോൺ: 2400749, 2400530. (0494).**

**Website:** www.skjmcc.com, **E-mail:** skjmccchelari@gmail.com

## ജനറൽ പാദ വാർഷിക പരീക്ഷ (ശവ്വാൽ മുതൽ ശഅബാൻ വരെ)

1. സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ പാദവാർഷിക പരീക്ഷ **2019 സെപ്തംബർ 01,02,03,04,05,07,08 (ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, ശനി, ഞായർ)** എന്നീ തിയ്യതികളിൽ 7 ദിവസങ്ങളിലായി നടത്തേണ്ടതാണ്.
2. പാദ, അർദ്ധ, വാർഷിക പരീക്ഷക്ക് ആവശ്യമായ ചോദ്യപേപ്പറിനുള്ള ഫീസ് ഒന്നിച്ച് പിരിച്ചെടുത്ത് അപേക്ഷയും സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള മുഴുവൻ ഫീസും ഓരോ റെയ്ഞ്ചും തങ്ങൾക്കു നിർദ്ദേശിക്കപ്പെട്ട തിയ്യതിയായ **ജൂലൈ 15,16,17,18** ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതാണ്.
3. പോസ്റ്റ് വഴി അയക്കുമ്പോൾ നിശ്ചിത തിയ്യതിക്കു മുമ്പ് തന്നെ ലിസ്റ്റും മുഴുവൻ ഫീസും ഓഫീസിൽ ലഭിച്ചിരിക്കണം. അല്ലാത്തവ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. **ഫീസും ലിസ്റ്റും നിശ്ചിത തിയ്യതിക്ക് തന്നെ ഓഫീസിൽ അടക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്ക് ഫീസ് അടക്കാൻ ബുദ്ധിമുട്ടാണെങ്കിൽ ലിസ്റ്റ് തിയ്യതിക്ക് മുമ്പായി സമർപ്പിക്കേണ്ടതും ഒരാഴ്ചക്കകം ഫീസ് അടക്കേണ്ടതുമാണ്.**
5. **പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന റെയ്ഞ്ച് ഐ.ടി കോർഡിനേറ്ററെ ഉപയോഗപ്പെടുത്തി പരീക്ഷാ ലിസ്റ്റ് ഓൺലൈനായി ചെയ്യാൻ റെയ്ഞ്ച് ചെയർമാൻ ശ്രദ്ധിക്കേണ്ടതാണ്.**
6. സൗത്ത് ഇന്ത്യൻ ബാങ്കിൽ 0478073000000077 എന്ന നമ്പറിലോ, ഫെഡറൽ ബാങ്കിൽ 16470200000120 എന്ന നമ്പറിലോ, പഞ്ചാബ് നാഷണൽ ബാങ്കിന്റെ 4529002100001778 എന്ന നമ്പറിലോ പണമടച്ചാൽ മതിയാകുന്നതും അങ്ങനെ അടക്കുന്നപക്ഷം ബാങ്കിൽ നിന്നും തരുന്ന കൗണ്ടർ ഫോയിൽ അപേക്ഷയോടൊപ്പം ഓഫീസിൽ ഹാജറാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ തെറ്റിപ്പോവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ചെക്ക് സ്വീകരിക്കുന്നതല്ല.
7. അർദ്ധവാർഷിക-വാർഷിക പരീക്ഷകൾക്ക് പാദവാർഷിക പ്രകാരമുള്ള കുട്ടികളുടെ കണക്കിൽ മാറ്റമുണ്ടെങ്കിൽ കൂടുതലുള്ള കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ഫീസ് പരീക്ഷാതിയ്യതിക്ക് ഒരു മാസം മുമ്പ് തന്നെ അടക്കേണ്ടതാണ്.
8. അർദ്ധവാർഷിക-വാർഷിക പരീക്ഷകളുടെ തിയ്യതി, ടൈംടേബിൾ, ചോദ്യപേപ്പർ വാങ്ങുന്നതിനുള്ള കത്തുകൾ എന്നിവ അതാത് സമയങ്ങളിൽ അയച്ചു തരുന്നതും അൽ മുഅല്ലിം മാസികയിൽ പ്രസിദ്ധീകരിക്കുന്നതും, www.skjmcc.com എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്നതുമാണ്.
9. ഓരോ മദ്റസയിൽ നിന്നും ഒന്നാം ക്ലാസടക്കമുള്ള ലിസ്റ്റ് നിശ്ചിത അപേക്ഷാ ഫോറങ്ങളിൽ പൂരിപ്പിച്ചുവാങ്ങി ഒരു കോപി റെയ്ഞ്ചിൽ സൂക്ഷിക്കുകയും ഒരെണ്ണം ചോദ്യപേപ്പറിനുള്ള അപേക്ഷയോടൊപ്പം ഓഫീസിൽ ഏൽപിക്കേണ്ടതുമാണ്. മദ്റസയിൽ നിന്നും ചോദ്യപേപ്പറിനുള്ള അപേക്ഷ റെയ്ഞ്ചിൽ സ്വീകരിക്കുമ്പോൾ പ്രസ്തുത മദ്റസയിലേക്ക് ആവശ്യമുള്ള ചോദ്യപേപ്പറിന്റെ കണക്കനുസരിച്ച് തന്നെയാണോ അപേക്ഷിച്ചിട്ടുള്ളതെന്ന് മാനേജ്മെന്റിന്റെയും റെയ്ഞ്ചിന്റെയും ഉത്തരവാദപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
10. പാദവാർഷിക ചോദ്യപേപ്പറുകൾ താഴെ പറയുന്ന കേന്ദ്രങ്ങളിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. ചേളാരി ഓഫീസ് ഒഴികെയുള്ള കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്ന ചെലവ് റെയ്ഞ്ച് തന്നെ വഹിക്കേണ്ടതാണ്.

| കേന്ദ്രങ്ങൾ | വിതരണതിയ്യതി |
|---|---|
| 1. തെക്കൻ ജില്ലകൾ | 18-08-2019 (ഞായർ)<br>നിലവിൽ എത്തിക്കുന്നത് പോലെ |
| 2. ദക്ഷിണ കർണാടക (മുനീറുൽ ഇസ്ലാം മദ്റസ കല്ലട്ക്ക) | 20-08-2019 (ചൊവ്വ) |
| 3.ചെർക്കള ഖുവ്വതുൽ ഇസ്ലാം മദ്റസ, കാസർഗോഡ് | 20-08-2019 (ചൊവ്വ) |
| 4. ഇസ്ലാമിക് സെന്റർ കണ്ണൂർ | 21-08-2019 (ബുധൻ) |
| 5. ശംസുൽ ഇലമ സ്മാരകസൗധം. കൽപറ്റ,വയനാട് | 21-08-2019 (ബുധൻ) |

| | |
|---|---|
| 6. കോഴിക്കോട് ജില്ല | 24-08-2019 (ശനി)<br>നിലവിൽ എത്തിക്കുന്നത് പോലെ |
| 7. സുന്നി മഹൽ മലപ്പുറം | 24-08-2019 (ശനി) |
| 8. മലപ്പുറം വെസ്റ്റ് | 22-08-2019 (വ്യാഴം)<br>നിലവിൽ എത്തിക്കുന്നത് പോലെ |
| 9. സമസ്ത ഓഫീസ് ചേളാരി | 24-08-2019 (ശനി) 26-08-2019 (തിങ്കൾ) |

ചോദ്യപേപ്പർ വിതരണ കേന്ദ്രങ്ങളിൽ വന്ന് സ്വീകരിക്കാൻ വിഷമമുള്ള ദൂര റെയ്ഞ്ചുകൾക്ക് മുൻവർഷങ്ങളിലേത് പോലെ അയച്ചുകൊടുക്കുന്നതാണ്. ചെറിയ കെട്ടുകൾ മാത്രമേ തപാൽ വഴി അയക്കുകയുള്ളൂ. അങ്ങനെ അയക്കുന്നതിനുള്ള ചെലവുകൾ അതാത് റെയ്ഞ്ചുകൾ തന്നെ വഹിക്കേണ്ടതാണ്. നിശ്ചിത തിയതിക്ക് തന്നെ ചെയർമാന്മാർ അതത് കേന്ദ്രങ്ങളിൽ വന്ന് ചോദ്യപേപ്പർ ഏറ്റുവാങ്ങേണ്ടതാണ്.

11. ഓരോ റെയ്ഞ്ച് ചെയർമാനും പേപ്പർ എണ്ണിനോക്കി കൃത്യമാണെന്ന് ബോധ്യപ്പെട്ടശേഷം ഒപ്പുവെച്ച് കൊണ്ടുപോകേണ്ടതാണ്. എണ്ണാതെ കൊണ്ടുപോകുന്ന കെട്ടുകളിൽ വരുന്ന കുറവുകൾക്കും മാറ്റങ്ങൾക്കും ഒരിക്കലും ഓഫീസ് ഉത്തരവാദിയാകുന്നതല്ല. അതത് റെയ്ഞ്ച് കേന്ദ്രങ്ങളിൽ എത്തിച്ചുതരുന്ന ചോദ്യപേപ്പറുകൾ ഉടൻ തന്നെ എണ്ണി തിട്ടപ്പെടുത്തേണ്ടതും പോരായ്മകളുണ്ടെങ്കിൽ റെയ്ഞ്ച് ലെറ്റർ പാഡിൽ കൃത്യമായ എണ്ണം എഴുതി ഒപ്പും സീലും പതിച്ച രേഖയുമായി വരേണ്ടതുമാണ്. വൈകിയെത്തുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
12. യതീംഖാനാ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് അനുവദിച്ചിട്ടുള്ളതിനാൽ യതീംഖാനാ മദ്റസാ സ്വദർ മുഅല്ലിംകളിൽ നിന്നും വിദ്യാർത്ഥികളുടെ എണ്ണവും മറ്റും ഉൾക്കൊള്ളുന്ന രൂപത്തിൽ ഒരു അപേക്ഷയും ഇളവു സംഖ്യക്കുള്ള (ഓഫീസിൽ അടയ്ക്കേണ്ട തുക) റെയ്ഞ്ചിന്റെ രശീതിയും കൊണ്ടുവരേണ്ടതാണ്. അല്ലാത്തവർക്ക് ഇളവ് അനുവദിക്കുന്നതല്ല. രശീതി എസ്.കെ.ജെ.എം.സി.സി.യുടെ പേരിലാണ് എഴുതേണ്ടത്. ഫോറം 'ഡി' യിൽ 10-ാം കോളത്തിൽ പ്രസ്തുത വിദ്യാർത്ഥികളുടെ എണ്ണവും കൂടി ഉൾപ്പെട്ടിരിക്കേണ്ടതാണ്.
13. ഈ വർഷം മുതൽ പരീക്ഷക്ക് വിതരണം ചെയ്യുന്നത് 2018-ലെ പുതിയ എഡിഷൻ പാഠപുസ്തകങ്ങളനുസരിച്ച് തയ്യാറാക്കിയ ചോദ്യപേപ്പർ ആയിരിക്കും.
14. ഈ വർഷത്തെ പാദ വാർഷിക പരീക്ഷക്ക് ദുൽഹജ്ജ് ഉൾപ്പടെയുള്ള പാഠഭാഗങ്ങളിൽ നിന്ന് ചോദ്യം ഉണ്ടായിരിക്കുന്നതാണ്.
15. ഈ വർഷം പരിഷ്ക്കരിച്ച കിതാബുകളിലെ പാഠഭാഗങ്ങൾ

| VIII | | IX | | X | |
|---|---|---|---|---|---|
| ഫിഖ്ഹ് | 3 | ഫിഖ്ഹ് | 3 | ഫിഖ്ഹ് | 3 |
| താരീഖ് | 3 | താരീഖ് | 5 | ലിസാനുൽ ഖുർആൻ | 3 |
| ദുറൂസുൽ ഇഹ്സാൻ | 3 | ദുറൂസുൽ ഇഹ്സാൻ | 3 | ദുറൂസുൽ ഇഹ്സാൻ | 3 |
| ലിസാനുൽ ഖുർആൻ | 3 | ലിസാനുൽ ഖുർആൻ | 3 | തഫ്സീറുൽ ഖുർആൻ | 5 |

16. ഖുർആൻ, ഓറൽ, ഹിഫ്ള് പരീക്ഷകൾ അതത് ക്ലാസിലെ കുട്ടികളെ ഒരുമിച്ചിരുത്തി ചോദ്യപേപ്പറിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഭാഗങ്ങൾ ഓരോ കുട്ടിയെകൊണ്ടും വായിപ്പിച്ചു മാർക്ക് നൽകേണ്ടതാണ്.
17. ഖുർആൻ, ഹിഫ്ള് പരീക്ഷകൾ ടൈംടേബിളിൽ കാണിച്ചതനുസരിച്ച് 2,3,4 ക്ലാസുകൾ 7 മണിക്കും 9 മണിക്കുമിടയിലും 5,6,7 ക്ലാസുകൾ 9.30നും 11.30 നുമിടയിലുമായി ടൈംടേബിളിൽ കാണിച്ച ഞായറാഴ്ച ദിവസം നടത്തേണ്ടതാണ്.
18. ഹിഫ്ള് പരീക്ഷയിൽ ഖുർആനിനുപുറമെ അതത് ക്ലാസിലെ പാഠപുസ്തകങ്ങളിൽ നിന്നോ മുൻക്ലാസുകളിൽ നിന്നോ മനഃപാഠമാക്കേണ്ട ദിക്റ്, ദുആകൾ കൂടി ഉൾപെടുത്തുന്നതാണ്.
19. പുതിയ പാഠകിതാബിലെ രീതിയനുസരിച്ച് ഒന്നാം ക്ലാസിലെ എഴുത്തി(കിതാബത്ത്)ന്റെ ചോദ്യപേപ്പറിൽ ഉത്തരമെഴുതാനുള്ള സൗകര്യത്തോടൊപ്പം കളർ കൊടുക്കാനുള്ള രൂപവും ഉൾപെടുത്തിയതിനാൽ കളർ നൽകാനുള്ള പേനകൾ കരുതേണ്ടതും കുട്ടികളെകൊണ്ട് എഴുതിക്കേണ്ടതുമാണ്.
20. ഹനഫി വിദ്യാർത്ഥികൾക്ക് പ്രത്യേകം ചോദ്യപേപ്പറുള്ളതിനാൽ ഹനഫി വിദ്യാർത്ഥികളുള്ള റെയ്ഞ്ചിൽ നിന്നും 2 മുതൽ +2 കൂടിയ ക്ലാസുകളിലെ ഹനഫി കുട്ടികളുടെ എണ്ണം ഫോറത്തിൽ

യഥാസ്ഥാനത്ത് രേഖപ്പെടുത്തേണ്ടതാണ്.

21. 2,3,4,5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് തമിഴ് പേപ്പറും 2,3,4,5 ക്ലാസുകളിലെ ഉറുദു പേപ്പറും, 2,3 ക്ലാസുകളിലെ കന്നഡ പേപ്പറും ആവശ്യമുള്ളവർ റെയ്ഞ്ച് ലെറ്റർ പേഡിൽ പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്.
22. പണവും മറ്റു രജിസ്റ്ററുകളും Secretary, SKJMCC, Samsthalayam, Chelari, P.O. Thenhippalam 673 636 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. പരീക്ഷാ സംബന്ധമായി നിയമാവലിയിൽ പറഞ്ഞ കാര്യങ്ങൾ ഈ പരീക്ഷക്കും ബാധകമാണ്.
23. മദ്റസകളിൽ നിന്നും പൂരിപ്പിച്ച് വാങ്ങുന്ന അപേക്ഷാ ഫോറങ്ങളിൽ നിശ്ചിത വ്യക്തികൾ തന്നെ ഒപ്പു വെക്കേണ്ടതാണ്.
24. ചോദ്യപേപ്പറിനുള്ള അപേക്ഷാ ഫോറത്തിൽ ചെയർമാന്റെ വിലാസം എഴുതേണ്ട കോളത്തിൽ പൂർണമായ വിലാസവും, ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകളും (കോഡ് സഹിതം) എഴുതേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. റെയ്ഞ്ചുമായി പൂർണ സഹകരണമുള്ള മദ്റസകളിൽ നിന്ന് മാത്രമേ പരീക്ഷാ ഫീസ് സ്വീകരിക്കേണ്ടതുള്ളൂ.
2. ചോദ്യപേപ്പർ ഏറ്റുവാങ്ങുന്നതിന് ചെയർമാൻ തന്നെ വരേണ്ടതാണ്. അല്ലാത്തപക്ഷം പരീക്ഷാ ബോർഡ് അംഗങ്ങളെ മാത്രം റെയ്ഞ്ച് ലെറ്റർപാഡിൽ നിയമാനുസൃത എഴുത്തുമായി അയക്കേണ്ടതാണ്.
3. ചോദ്യപേപ്പർ ഓഫീസ് നിർദ്ദേശിക്കുന്ന സ്ഥലത്ത് വെച്ച് മാത്രമേ എണ്ണിയെടുക്കാൻ പാടുള്ളൂ. ഒരു കാരണവശാലും മറ്റുള്ളവർക്ക് ചോദ്യങ്ങൾ കാണുവാനുള്ള സാഹചര്യം ഉണ്ടാവാൻ പാടുള്ളതല്ല.
4. ചെയർമാന് ചോദ്യപ്പേപ്പറുകൾ കവർ ചെയ്യാൻ സഹായികൾ ആവശ്യമായി വരുന്ന പക്ഷം പരീക്ഷാ ബോർഡ് അംഗങ്ങളെ മാത്രം ഉപയോഗപ്പെടുത്തേണ്ടതും അല്ലാത്തവരെ ഒരു കാരണവശാലും ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ്.
5. പരീക്ഷയുടെ ഭദ്രത നഷ്ടപ്പെടുത്തുന്ന ഒരു പ്രവർത്തനവും ചെയർമാന്മാരിൽ നിന്നോ മറ്റു മുഅല്ലിംകളിൽ നിന്നോ ഉണ്ടാകാൻ പാടുള്ളതല്ല. സ്കീമിന് വിപരീതമായി പരീക്ഷ നടത്താനും പാടുള്ളതല്ല. അങ്ങനെ എവിടെയെങ്കിലും നടന്നതായി വിവരം ലഭിക്കുന്ന പക്ഷം ആ റെയ്ഞ്ചിലെ മുഴുവൻ പരീക്ഷയും നിർത്തിവേക്കേണ്ടി വരുന്നതാണ്. അതിനാൽ ഉണ്ടാകുന്ന നഷ്ടത്തിന് സെൻട്രൽ കൗൺസിൽ ഉത്തരവാദിയാകുന്നതല്ല.
6. റെയ്ഞ്ചിലെ എല്ലാ മദ്റസകളിലും യഥാസമയം പരീക്ഷ നടക്കുന്നുണ്ടോ എന്ന് പരീക്ഷാ ബോർഡ് അന്വേഷിക്കേണ്ടതും വിസിറ്റ് ചെയ്യേണ്ടതുമാണ്. ഓരോ പരീക്ഷയും കഴിഞ്ഞ ഉടനെ മാർക്കലിസ്റ്റുകളുടെ കോപ്പി റെയ്ഞ്ചിലേക്ക് നൽകേണ്ടതും റെയ്ഞ്ച് യോഗത്തിൽ അത് വായിക്കേണ്ടതുമാണ്.
7. റെയ്ഞ്ചിലേക്ക് ആവശ്യമായ പാദവാർഷിക പരീക്ഷാ സ്കീം ഫീസ് അടക്കുന്ന സമയത്തുതന്നെ വിതരണം ചെയ്യുന്നതാണ്.
8. ഓഫീസിൽ നിന്നും അതാത് കേന്ദ്രങ്ങളിൽ നിന്നും ചോദ്യപേപ്പർ എണ്ണി എടുക്കുമ്പോഴും മദ്റസകൾക്ക് പേപ്പർ കവർ ചെയ്തുകൊടുക്കുമ്പോഴും വിഷയങ്ങൾ മാറിപ്പോവാതിരിക്കാനും എണ്ണത്തിൽ കുറവ് വരാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കവറുകൾ ഭദ്രമായി ഒട്ടിച്ചു കൊടുക്കേണ്ടതുമാകുന്നു.
9. പരീക്ഷ കഴിഞ്ഞാൽ ഒരാഴ്ചക്കകം മാർക്ക് ലിസ്റ്റ് റെയ്ഞ്ചിലേക്കും റെയ്ഞ്ചിൽ ലിസ്റ്റ് ലഭിച്ച ഉടനെ റെയ്ഞ്ച് സംക്ഷിപ്തം പൂരിപ്പിച്ചും ചെയർമാൻ, സെക്രട്ടറി, മുദർരിബ്/ മുഫത്തിശ് എന്നിവർ ഒപ്പ് വെച്ച് റെയ്ഞ്ചിൽ സൂക്ഷിക്കേണ്ടതും വാർഷിക പരീക്ഷ കഴിഞ്ഞാൽ ഒരു കോപ്പി 15 ദിവസത്തിനകം ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്. കഴിഞ്ഞ വർഷത്തെ റെയ്ഞ്ച് സംക്ഷിപ്തം എത്തിക്കാത്തവർ ഉടനെ എത്തിക്കേണ്ടതാണ്. (അല്ലാത്ത റെയ്ഞ്ചിന് ഗ്രാന്റ്, അലവൻസ് എന്നിവ തടയപ്പെടുന്നതാണ്.)
10. ഫീസടച്ചശേഷം മദ്റസയിൽ നിന്ന് ടി.സി. വാങ്ങിപ്പോവുകയാണെങ്കിൽ അതത് സ്വദർ മുഅല്ലിംകൾ ഫീസടച്ച വിവരം സാക്ഷ്യപ്പെടുത്തിയ കത്ത് റെയ്ഞ്ച് ചെയർമാന് നൽകേണ്ടതാണ്.

**15-06-2019**

ചേളാരി

എന്ന്

**ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി**

ജനറൽ സെക്രട്ടറി

**SKJMCC**